



ഡിസംബർ 2020

# യുവചേതന

എം. സി. വൈ. എം. സഭാതല സമിതി മുഖപത്രം

ലക്കം : 7

www.malankaralibrary.com

# എഡിറ്റോറിയൽ

**"ഇതാ, സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിൻെറ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു."**

(ലൂക്കാ 2 : 10-11)

സകലജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയായ ക്രിസ്തുവിന്റെ ജനനപ്പെരുന്നാളിന്റെ അനുഗ്രഹങ്ങളിലേക്ക് 25 നോമ്പിന്റെ വ്രതാനുഷ്ഠാനങ്ങളോടുകൂടി നാം പ്രവേശിക്കുകയാണല്ലോ. വളരെ വ്യത്യസ്തമായ പഞ്ചാത്തലത്തിലാണ് ഈ വർഷത്തെ ക്രിസ്മസിനായി നാം ഒരുങ്ങുക. ജാതി, മത, വർഗ്ഗ, വർണ്ണ ഭേദമില്ലാതെ എല്ലാ മനുഷ്യർക്കും വേണ്ടി ദൈവം മനുഷ്യനായി തീർന്നതിന്റെ സ്മരണയിൽ നാം ആയിരിക്കുമ്പോൾ യുവജനങ്ങളായ നമുക്കും ഈ കാലഘട്ടത്തിൽ പ്രതിസന്ധികളുടെയും പ്രശ്നങ്ങളുടെയും നടുവിൽ സകല മനുഷ്യർക്കും സന്തോഷത്തിന്റെ സദ്വാർത്തയായി തീരാനുള്ള നമ്മുടെ വിളിയെ ഈ ക്രിസ്മസ് കാലയളവിൽ തിരിച്ചറിയാം.

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 'ഫ്രത്തെല്ലി തൂത്തി' എന്ന തന്റെ ചാക്രിക ലേഖനത്തിലൂടെ ലോകത്തെ സർവ്വ മനുഷ്യരും സഹോദരങ്ങളാണെന്ന സത്യം ഒരിക്കൽകൂടി ലോകത്തോട് വിളിച്ചു പറഞ്ഞിരിക്കുന്ന ഈ കാലഘട്ടത്തിൽ, എല്ലാവരേയും സഹോദരങ്ങളായി കണ്ടുകൊണ്ട് എല്ലാവർക്കും നന്മ ചെയ്ത് നമ്മുടെ ഈ ചെറിയ ജീവിതത്തെ നമ്മുടെ യുവജന ശുശ്രൂഷയെ വിശാലമാക്കാൻ പരിശ്രമിക്കാം. ഏവർക്കും അനുഗ്രഹീതമായ ക്രിസ്മസിന്റെ ആശംസകളും പുതുവത്സരത്തിന്റെ നന്മകളും നേരുന്നു.

**ജിനു ജോർജ്ജ്**
*ചീഫ് എഡിറ്റർ*



www.malankaralibrary.com

# നീയാണ് ക്രിസ്തുമസ്

‘ക്രിസ്തുമസ്’ എന്ന് പറയുന്നത് ഒരു ചരിത്ര സംഭവത്തിന്റെ വെറുമൊരു അനുസ്മരണമോ, ആഘോഷവുമോ അല്ല.... മറിച്ച്, ക്രിസ്തുമസ് എന്ന് പറയുന്നത് നമ്മുടെ ജീവിതത്തിന്റെ അനുഭവമായി മാറേണ്ട ഒരു സത്യമാണ്. ഓരോ ക്രിസ്തുമസ് ആഘോഷിക്കുമ്പോഴും നമ്മൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളെപ്പറ്റി പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ഒരിക്കൽ, ഒരു ക്രിസ്തുമസ് സന്ദേശത്തിൽ ഇങ്ങനെ പറയുകയുണ്ടായി,

‘നീ തന്നെയാണ് ക്രിസ്തുമസ്’. നാം നടത്താറുള്ള ഓരോ ക്രിസ്തുമസ് ആഘോഷങ്ങൾക്കിടയിലും കർത്താവിന്റെ സ്നേഹത്തിന്റെ ശബ്ദം കേൾക്കുവാൻ വേണ്ടി നിശബ്ദതയെ അന്വേഷിക്കുവാൻ പരിശുദ്ധ പിതാവ് നമ്മളോട് ആവശ്യപ്പെടുന്നുണ്ട്. ഇന്നിന്റെ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ ഏറെ അർത്ഥവത്തായ ഒരു വിചിന്തനം ആണിത്.

ഇന്നത്തെ തലമുറ കണ്ടതിൽ വച്ച് ഏറ്റവും ഭയാനകവും ഭീതിജനകവുമായ ഒരു കാലഘട്ടത്തിലൂടെ കടന്ന് പോകാൻ തുടങ്ങിയിട്ട് ഒരു വർഷം പിന്നിടുമ്പോൾ, ഒരു സാധാരണ ജീവിതം എന്ന് സാധ്യമാകുമെന്ന ആശങ്കയിലാണ് മാനവരാശി. അതുകൊണ്ട് തന്നെ യഥാർത്ഥ ക്രിസ്തുമസ് കണ്ടെത്തുവാനും യഥാർത്ഥ ക്രിസ്തുമസ്സായി നാമേവരും രൂപാന്തരപ്പെടുവാനും ഉള്ള പ്രസക്തി ഓരോ നിമിഷവും കൂടിക്കൊണ്ടേയിരിക്കുന്നു.

യേശുവിനെ സ്വീകരിക്കാനായി, നിന്റെ ഹൃദയം നിന്റെ പരിമിതികൾക്കിടയിലും നീ തുറന്നിടുമ്പോൾ നീയൊരു പുൽക്കൂട് ആയി മാറുകയാണ്... നിന്നിലൂടെ, നിന്റെ ചുറ്റുമുള്ള സഹോദരങ്ങൾ ദൈവത്തിങ്കലേക്ക് കൂടുതൽ അടുക്കുമ്പോൾ, അനേകർക്ക് നന്മയിൽ ജീവിക്കാൻ നിന്റെ ജീവിതം പ്രചോദനമാകുമ്പോൾ, നീയൊരു വഴികാട്ടിയായി, വാൽനക്ഷത്രമായി മാറുകയാണ്... നിന്റെ ജീവിതത്തിൽ, ക്രിസ്തുവിനെ അന്വേഷിക്കുന്നതിലും കണ്ടെത്തുന്നതിലും നീ മുൻഗണന നൽകുമ്പോൾ, നീയും ജ്ഞാനികളുടെ കൂട്ടത്തിൽ എണ്ണപ്പെടുകയാണ്...

ലൗകിക ആഘോഷങ്ങൾക്കുമപ്പുറം ഈ കാലഘട്ടത്തിന്റെ ആവശ്യമായ സ്വയം രൂപാന്തരപ്പെടലിന്റെ വലിയ ആഘോഷത്തിലേക്ക് നമുക്ക് പ്രവേശിക്കാം.. നീയും ഞാനും തന്നെയാണ് ക്രിസ്തുമസ് എന്ന തിരിച്ചറിവിനായി പരിശ്രമിക്കാം.

**ഏവർക്കും ഹൃദ്യമായ ക്രിസ്തുമസ് ആശംസകൾ...**



**ജിത്ത് ജോൺ ഫ്രാൻസിസ്**
*പ്രസിഡന്റ്*

www.malankaralibrary.com



റവ. ഡോ. ഏബ്രഹാം ഇരുമ്പിനിക്കൽ
കെ.സി.ബി.സി. മീഡിയാ കമ്മീഷൻ സെക്രട്ടറി



# ക്രിസ്മസ് അപ്പൂപ്പൻ കൊക്കകോള കുടിച്ചതും മാലാഖ പറഞ്ഞ സദ്വാർത്തയും

**"നക്ഷത്രം കണ്ടപ്പോൾ ജ്ഞാനികൾ ഏറെ ആഹ്ലാദിച്ചു"**
(മത്തായി 2:10).

**പു**ൽകൂട്ടിൽ പിറന്ന ദൈവപുത്രനെ കാണാൻ കിഴക്ക് നക്ഷത്രം കണ്ട് യാത്ര പുറപ്പെട്ടവർ വഴി തെറ്റാതെ ശിശുവിന്റെ അടുത്തെത്തി. ആട്ടിടയന്മാരും അവനെ കണ്ട് ആരാധിച്ചു. മാലാഖമാർ അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വവും ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം ആശംസിച്ചു. വീടുതോറും കയറിയിറങ്ങിയുള്ള കരോൾ സന്ദർശനവും ആരവങ്ങളും കൊറോണയുടെ കാലം നമ്മളിൽ നിന്നപഹരിക്കുവാനാണ് 2020 ന്റെ വിധിയെന്ന് ഭയപ്പെടുന്നവരാണ് ഏറെയും.

## പ്രകാശത്തിന്റെ തിരുന്നാളും വെളിച്ചത്തിന്റെ എഴുത്തും

ക്രിസ്മസ് പ്രകാശത്തിന്റെ പെരുന്നാളാണ്. ഡിസംബർ 25 ന് ലോകത്തിന്റെ പ്രകാശം ഉദയം ചെയ്തു. മനുഷ്യവംശത്തിന്റെ വിമോചകനായ ദൈവപുത്രൻ പിറന്നത് ആകാശത്ത് നക്ഷത്രങ്ങൾ അടയാളപ്പെടുത്തി. രക്ഷകന്റെ നക്ഷത്രം കണ്ട്, അവനെ ആരാധിക്കാൻ ജ്ഞാനികൾ എത്തിച്ചേർന്നു (വി. മത്തായി 2:1-2). ഉല്പത്തി പുസ്തകത്തിൽ സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം കൽപ്പിച്ചു സൃഷ്ടിച്ച വെളിച്ചത്തിന്റെ കഥയുണ്ട്. അങ്ങനെ ദൈവം പകലും രാത്രിയും വെളിച്ചത്തിന്റെയും വെളിച്ചമില്ലായ്മയുടെയും ചരിത്രം എഴുതുന്നു. വെളിച്ചം കൊണ്ട് ഇത്തരമെഴുത്ത് തുടങ്ങിയത് ദൈവമാണ്.

ഇതിനൊരു തുടർച്ച മനുഷ്യചരിത്രത്തിലുമുണ്ട്. വെളിച്ചത്തിന്റെ കഥ, അഗ്നിയിലൂടെ... കനൽ തിളക്കമാർന്നതും മനുഷ്യജീവിതത്തിന്റെ ജൈവതാളത്തിന് വേഗത നൽകിയതുമെല്ലാം നമുക്കറിയാം.


www.malankaralibrary.com


1830 ൽ വെളിച്ചത്തിന്റെ ആധുനിക എഴുത്തായ ഫോട്ടോഗ്രാഫി പിറന്നു. (പ്രകാശം എന്നർത്ഥം വരുന്ന 'photos', വരയ്ക്കുക എന്നർത്ഥം വരുന്ന 'graphien' എന്നീ ഗ്രീക്ക് വാക്കുകളിൽ നിന്നാണ് photography എന്ന പദമുണ്ടായത്). വെളിച്ചത്തിന്റെ എഴുത്ത് ചരിത്രപരമായ മറ്റൊരു മുന്നേറ്റം നടത്തുന്നത് 1896ലെ ക്രിസ്മസിന് ശേഷമാണ്, കൃത്യമായി പറഞ്ഞാൽ ഡിസംബർ 28 ന്. അന്ന് പാരീസിലെ ഗ്രാൻഡ് കഫേയിൽ ലൂമിയർ



സഹോദരന്മാരായ ലൂയിസും അഗസ്റ്റെയും ആദ്യ ചലച്ചിത്ര പ്രദർശനം സംഘടിപ്പിച്ചു. ഇരുളും വെളിച്ചവും നിഴലും നിലാവും പകലും രാത്രിയും ഇഴപിരിയ്ക്കുന്ന കാവ്യഭാവനയുടെ തിരയിളക്കങ്ങൾക്ക് പിന്നീട് തിരശ്ശീലയും ലോകവും സാക്ഷ്യം വഹിച്ചു. ഇത്തരം വെളിച്ചമെഴുത്തിന്റെ ആത്മീയതയും ദാർശനികതയും ക്രിസ്മസ് കാലത്ത് ചർച്ചയ്ക്ക് വിധേയമാക്കാവുന്നതാണ്. ഇത് 'digital first' എന്ന് പറയുന്ന കാലം. ജീവിതവും സന്ദേശവും നല്ലതും കെട്ടതുമെല്ലാം കൂടിക്കലർന്ന ചിത്രങ്ങളും ചിത്രരൂപികളായ അക്ഷരങ്ങളും കൈവെള്ളയിലെ തിളങ്ങുന്ന സ്ക്രീനിലെത്തുന്നു. ആദിയിലെ വെളിച്ചവും പുൽക്കൂടിനു മുകളിലെ വെളിച്ചവും പകർന്ന മനുഷ്യയാത്രയുടെയും രക്ഷയുടെയും കഥകളാണോ നമ്മൾ ഈ വെളിച്ചം കൊണ്ട് എഴുതുന്നതും വായിക്കുന്നതും?

## മാധ്യമം തന്നെയാണ് സന്ദേശം

കനേഡിയൻ ആശയവിനിമയ സൈദ്ധാന്തികൻ മാർഷൽ മക്‌ലൂഹൻ അവതരിപ്പിച്ച ആശയമാണിത്. 1964 പുറത്തിറങ്ങിയ 'understanding media - the extensions of man' എന്ന ഗ്രന്ഥത്തിൽ ഇത് വിശദമാക്കുന്നു. സന്ദേശം മാത്രമല്ല അത് വിനിമയം ചെയ്യുന്ന മാധ്യമവും ഗൗരവമായ പഠനമർഹിക്കുന്നുവെന്നാദ്യം അവതരിപ്പിക്കുന്നത് ഇദ്ദേഹമാണ്. ഏതു സന്ദേശത്തിനുമൊരു സ്വഭാവമുണ്ട്, സന്ദേശത്തിന്റെ സ്വഭാവം തന്നെ മാധ്യമത്തിന്റെ സ്വഭാവമായി പരിഗണിക്കപ്പെടുകയും പരിണമിക്കു



കയും ചെയ്യുന്നു. ഒരു ബൾബിന്റെ ഉദാഹരണത്തിലൂടെ മക്‌ലൂഹൻ ഇത് വിശദമാക്കുന്നു. ഇരുളിൽ പ്രകാശം നൽകുന്നതാണ് ബൾബ് (Light Bulb). പ്രകാശം നൽകുന്നതിലൂടെ ബൾബ് ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നു. ഇല്ലെങ്കിൽ അന്ധകാരാവൃതമാകുമായിരുന്ന ഒരിടത്താണ് ബൾബിന്റെ നില്പ്. പ്രത്യേകിച്ചൊരു content ഇല്ലാത്ത മീഡിയമാണ് ഇവിടെ ബൾബ്. കാനഡയിലെതന്നെ യൂണിവേഴ്സലിസ്റ്റ് പുരോഹിതനും ദൈവശാസ്ത്രജ്ഞനുമായിരുന്ന മക്‌ലീൻ ഈ ആശയത്തിന്റെ പ്രാഗ്‌രൂപം വർഷങ്ങൾക്കുമുൻപേ അവതരിപ്പിച്ചിട്ടുണ്ട്. 'The method in the message' എന്ന മക്‌ലീൻ പറഞ്ഞതിന്റെ കാലാന്തര രൂപമാണ് 'medium in message'. മക്‌ലീൻ മതപഠനവുമായി ബന്ധപ്പെട്ടാണ് ഈ ആശയം നിർമ്മിച്ചത്. അദ്ദേഹം പറഞ്ഞു "asserting that how religion is taught is more important than what is taught".



'My life is my message' എന്ന് പറഞ്ഞ അഹിംസാവാദിയെ നമുക്കറിയാം. ഒരു മനുഷ്യൻ അയാളുടെ രൂപം, നടത്തം, ഇടപെടൽ, വർത്തമാനം ചിന്ത ഇവയെല്ലാം ഒരു മഹാരാജ്യത്തിലെ നാനാ ജാതി വർണ-വർഗ ഭാഷ വൈവിധ്യങ്ങളാൽ വിഘടിതരായ ജനതയിൽ സ്വാതന്ത്ര്യമെന്ന ഏകീകരണ മന്ത്രം പടർത്തിയത് സന്ദേശത്തിനപ്പുറം ഉയർന്നു നിൽക്കുന്ന ചിലതുണ്ടെന്നതിന്റെ പാഠമാണ്. വിളക്കുകളിലേക്ക് തിരികെ വരാം. നക്ഷത്ര വിളക്കിന്റെ സൂചനയും അർത്ഥവും വെളിച്ചത്തിന്റെ ഉല്പത്തി മുതൽ കാലിത്തൊഴുത്തുവരെ ഓരോ നക്ഷത്രക്കാഴ്ച്ചയിലും


www.malankaralibrary.com

നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. മതം രാഷ്ട്രീയായുധമാകുകയും പാഠശാലകളിൽ വിഷയമാവുകയും ചെയ്യുമ്പോഴും കഴുത്തറക്കാനും പൊട്ടിത്തെറിക്കാനുമായ് വിശ്വാസികളെ ഒരുക്കുന്നതെങ്കിൽ അത്തരം സന്ദേശവും മാധ്യമവും തള്ളിക്കളയേണ്ടിവരും. ക്രിസ്തുവിന്റെ പിറവിയാണ് നക്ഷത്ര വെളിച്ചം കൊണ്ടെഴുതുന്ന സന്ദേശം. ക്രിസ്ത്യാനി ഒരു മാധ്യമമാണ്, സന്ദേശവുമാണ്.

## ക്രിസ്മസ് അപ്പൂപ്പൻ കോള കുടിച്ചപ്പോൾ

കഴിഞ്ഞവർഷവും കരോൾ സംഘത്തോടൊപ്പം ക്രിസ്മസ് ഫാദർ ഉണ്ടായിരുന്നു. 2020 ൽ വീടുകൾ കയറിയിറങ്ങുന്ന സംഘങ്ങൾ ഉണ്ടാകുമോ? അതോ നമ്മൾ വെർചൽ കരോൾ പാട്ടുകളിൽ കഴിയാൻ കൊറോണ വൈറസ് നിർബന്ധിക്കുമോ? അതെ, അതായിരിക്കും സാധ്യത. ഇന്ന് കാണുന്ന തരത്തിലുള്ള സാന്റയുടെ ചിത്രം രൂപീകരിക്കുന്നതിൽ കൊക്കകോള കമ്പനിക്ക് വലിയ പങ്കുണ്ട്. 1931 അവർ Haddon Sundblom എന്ന ഇല്ലസ്ട്രേറ്ററോട് ക്രിസ്തുമസ് പരസ്യത്തിലുപയോഗിക്കാനുള്ള സാന്റാക്ലോസ് ചിത്രം വരയ്ക്കാൻ ആവശ്യപ്പെട്ടു. അങ്ങനെയാണ് വെളുത്തതാടിയും നല്ല ചുവന്ന






കവിളും തിളങ്ങുന്ന കണ്ണുകളും ചുണ്ടിൽ ചിരിയും ചേർന്ന സാന്റയുടെ ചിത്രം പിറന്നത്.

കൊക്കകോളയുടെ ചുവപ്പിനും മഞ്ഞണിഞ്ഞ ഡിസംബർ നാളുകൾക്കും വിപണിയിൽ അലകളുയർത്താൻ ചുവപ്പൻ ക്രിസ്മസ് സാന്റയ്ക്ക് കഴിയുന്നു. അന്നുമുതൽ ഇന്നുവരെ കൊക്കക്കോളയെക്കുറിച്ചുള്ള സെമിയോട്ടിക് പഠനത്തിൽ ഇത് നമുക്ക് വായിച്ചെടുക്കാം. 1822 ൽ ക്ലെമന്റ് ക്ലാർക്ക് എഴുതിയ 'A visit from St. Nicholas' എന്ന കവിതയിലെ ആശയം കോളയുടെ സാന്റയെ ചിത്രീകരിക്കാൻ സഹായിച്ചു. 'സാന്റാക്ലോസ്' എന്ന പദം ഉയർത്തുന്ന ആശയം, സങ്കൽപം, അർത്ഥം ഇവയെല്ലാം ക്രിസ്തുവിന്റെ പിറവിയോടും അതിന്റെ ഓർമ്മയിൽ കാത്തിരിക്കുന്നവരുടെ പ്രതീക്ഷകളോടും ബന്ധപ്പെട്ടതാണ്. ഈ പേര് നൽകുന്ന രൂപങ്ങൾ വ്യത്യസ്തങ്ങളായിരുന്നു 1930 വരെ. അവിടെയാണ് കമ്പോളത്തിന് സ്വാധീനം, മാധ്യമങ്ങളിലൂടെ മനുഷ്യസങ്കൽപ്പങ്ങളിലേക്ക് അവർ നടത്തുന്ന കടന്നുകയറ്റത്തിന്റെ വ്യാപന ശക്തിയും വ്യക്തമാകുന്നത്. ക്രിസ്തു എന്ന ദൈവപുത്രൻ മനുഷ്യനായി പിറന്നതാണ് ക്രിസ്മസ്, അവനെ ആരാധിക്കുകയും വിശ്വസിക്കുകയും പിന്തുടരുകയും ചെയ്യുന്നതാണ് ക്രിസ്തുമതം. എന്നാൽ മതപരമായ അർത്ഥമുൾക്കൊള്ളുന്ന വ്യാപനശേഷിയുള്ള ചിഹ്നങ്ങളെ വിപണിക്ക് ആവശ്യമുണ്ട്. കമ്പോള കേന്ദ്രീകൃതമായ ലോകത്ത് ഇത്തരം നിരീക്ഷണവും പഠനവും നിർവഹിക്കാൻ ചെറുപ്പക്കാർ തയ്യാറാകണം.




www.malankaralibrary.com



# പുൽക്കൂട്ടിലേയ്ക്കൊരു യാത്ര

**സിസ്റ്റർ മരിയ എസ്.ഐ.സി.**
എം.സി.വൈ.എം. ആനിമേറ്റർ
മാവേലിക്കര ഭദ്രാസനം

**"അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം....."**

നൂറ്റാണ്ടുകളുടെ കാത്തിരിപ്പിന് വിരാമമായി കാലത്തിന്റെ തികവിൽ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത....... ആ സന്തോഷം ഭൂമിയിൽ നിറവേറിയതിന്റെ ഒരു അനുസ്മരണം......... സ്വർഗ്ഗാധി സ്വർഗ്ഗത്തിന്റെ ഉടയവൻ, സ്വർഗ്ഗം വിട്ട് ഭൂമിയിൽ വന്നു പിറന്നതിന്റെ ഓർമ്മപ്പെടുത്തൽ........... പാപം ചെയ്ത മനുഷ്യനെ സ്വർഗ്ഗത്തോളമെത്തിക്കാൻ സ്വയം മനുഷ്യനായി അവതീർണനായതിന്റെ അനുസ്മരണം......... അതാണ് ക്രിസ്തുമസ്.

മഞ്ഞണിഞ്ഞ രാവുകൾ....... മരം കോച്ചുന്ന തണുപ്പ്....... കത്തുന്ന വിവിധ വർണ്ണങ്ങളുടെ നക്ഷത്രങ്ങൾ....... ക്രിസ്തുദേവൻ അവതരിച്ച സന്തോഷവാർത്തയുമായി വീടുകൾ തോറും കയറിയിറങ്ങുന്ന സാന്താക്ലോസും കൂട്ടരും...... മനോഹരങ്ങളായ കരോൾ ഗാനങ്ങൾ...... വിവിധയിനത്തിലുള്ള ആശംസകാർഡുകൾ....... ഇവയെല്ലാം നമ്മെ ക്രിസ്തുമസ് വരവായി എന്ന് ഓർമിപ്പിക്കുന്നു. എങ്ങും ആനന്ദം എവിടെയും സന്തോഷം. ഈ ആനന്ദത്തിലേക്ക് കടന്നുവരാൻ ഇതാ നമുക്ക് ഒരു അവസരം, അതായത് 25 നോമ്പ്. പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും വർജ്ജനയിലൂടെയും ഈ നോമ്പിന്റെ നന്മകൾ നമുക്ക് സ്വായത്തമാക്കാം.

## നോമ്പ് ഉപവാസം വഴി പുൽക്കൂട്ടിലേക്ക്:

പ്രാർത്ഥനയുടെ പ്രാധാന്യവും ആവശ്യകതയും നാം മനസ്സിലാക്കേണ്ടത് ക്രിസ്തുവിന്റെ ജീവിത മാതൃകയിൽ നിന്നുമാണ്. എപ്പോഴും പിതാവുമായി ഗാഢബന്ധം പുലർത്തിയിരുന്ന ക്രിസ്തു, അവൻ


www.malankaralibrary.com

പ്രാർത്ഥിക്കുക മാത്രമല്ല പ്രാർത്ഥിക്കാൻ പഠിപ്പിക്കുകയും പ്രാർത്ഥിക്കാൻ ഉപദേശിക്കുകയും ചെയ്തിരുന്നുവെന്നത് സുവിശേഷങ്ങളിലുടനീളം നമുക്ക് കാണാൻ സാധിക്കും. "സദാ പ്രാർത്ഥിച്ചുകൊണ്ട് ജാഗരൂകരായിരിക്കുവിൻ" എന്ന് വി. ലൂക്കാ 21 : 36 ലൂടെ ക്രിസ്തു നമ്മെ ഉദ്ബോധിപ്പിക്കുന്നു. "എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ, ഇടവിടാതെ പ്രാർത്ഥിക്കുവിൻ" (1 തെസ.5:17). നിരന്തരം പ്രാർത്ഥിക്കുവാനാണ് വി. പൗലോസ് ശ്ലീഹായിലൂടെ ക്രിസ്തു നമ്മോടാവശ്യപ്പെടുന്നത്. തുടർന്ന് വി. പൗലോസ് ശ്ലീഹാ പറയുന്നു : "എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവാൻ, ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം". ഈ ദൈവഹിതത്തിന് പൂർണമായി സമർപ്പിച്ചതിന്റെ തിരുനാളാണ് ക്രിസ്തുമസ്. ഈ തിരുനാൾ 'എമ്മാനുവേൽ' അനുഭവത്തിലേക്ക് നമ്മെ നയിക്കുന്നു. ലോകരക്ഷകനെ ഉദരത്തിൽ വഹിക്കുവാൻ സന്നദ്ധയായ മറിയം ആത്മാവിലും ശരീരത്തിലും പരിശുദ്ധിയുള്ളവളായിരുന്നു. ആയതിനാൽ സമാഗതമാകുവാൻ പോകുന്ന തിരുപ്പിറവിയിലൂടെ നമ്മുടെ ദൈവപുത്രനെ നമ്മുടെ ഹൃദയത്തിന്റെ ഉൾത്തടങ്ങളിലേക്ക് വരവേൽക്കാം. അതിനായി കടന്നുവരുന്ന ദിനങ്ങൾ പരിഹാരത്തിന്റെ, പ്രായശ്ചിത്തത്തിന്റെ ദിനങ്ങളാക്കി മാറ്റാം.

## നോമ്പ് ഉപവാസം ഇവയുടെ ആവശ്യകത

ഉപവാസം എന്നതിന്റെ അർത്ഥം "കൂടെ വസിക്കുക" എന്നതാണ്. അതായത് ലോകജീവിതത്തിൽ നിന്നും വേർപെട്ട് കർത്താവിനോട് കൂടെ വസിക്കുക. ഇന്നത്തെ നോമ്പും ഉപവാസവും എന്നൊക്കെ പറയുമ്പോൾ അത് ഒരു വർജ്ജനയുടെ തലത്തിൽ മാത്രം നിൽക്കുന്നതല്ലേയെന്ന് നാം ആത്മശോധന ചെയ്യേണ്ടിയിരിക്കുന്നു. സഖറിയ 7:17, വാക്യത്തിലൂടെ സഖറിയ പ്രവാചകൻ ചോദിക്കുന്നു: "വിലാപവും ഉപവാസവും ആചരിച്ചത് എനിക്ക് വേണ്ടിയായിരുന്നുവോ? നിങ്ങൾക്ക് വേണ്ടിത്തന്നെയല്ലേ? എന്താണിതിന്റെ അർത്ഥം. നോമ്പ് ഉപവാസം എന്നിവ ഓരോ വ്യക്തിയുടെയും സ്വന്തം അനുഭവമായി മാറണം.

പുൽക്കൂട് എളിമയുടെയും പരിത്യാഗത്തിന്റെയും ഇടമാണ്. അവൻ തന്നെ ശൂന്യനാക്കിക്കൊണ്ട് പുൽക്കൂട്ടിൽ ലോകരക്ഷയ്ക്കായി പിറന്നു. പുൽക്കൂട്ടിൽ ജാതനായ ദൈവപുത്രന്റെ മനോഭാവമായിരിക്കണം ഈ നോമ്പിലൂടെ നാം നേടിയെടുക്കേണ്ടത്. സ്വയം ശൂന്യവത്കരണത്തിന്റെ ഒരു മാതൃകയാണോ എന്റെ ജീവിതം. നമ്മെ തന്നെ എളിമപ്പെടുത്തുവാൻ നമുക്ക് കഴിയുന്നുണ്ടോ? 25 ദിവസവും നാം പരിപൂർണ്ണമായി ഭക്ഷണം വർജ്ജിച്ച് ഓരോ യാമങ്ങളിലും



സ്വർഗ്ഗത്തോടൊപ്പം ദൈവത്തെ സ്തുതിച്ച് അവിടുത്തെ തിരുസന്നിധിയിൽ ആയിരിക്കുമ്പോൾ എന്നിലും പുൽക്കൂടിന്റെ എളിമയും സ്വർഗ്ഗത്തിന്റെ ശൂന്യവത്കരണവും നടക്കണം. ഇവിടെയാണ് നോമ്പിന്റെ പ്രസക്തി.

ഈ ഒരു മനോഭാവത്തിലൂടെ കടന്നുവരുന്ന വ്യക്തികളുടെ ജീവിതത്തിൽ മാത്രമേ പുൽക്കൂട് രൂപാന്തരപ്പെടുന്നുള്ളൂ.... ഉണ്ണിയേശു പിറക്കുകയുള്ളൂ..... ഈ രൂപാന്തരീകരണം തേടിയുള്ള യാത്രയാകട്ടെ ഈ ക്രിസ്തുമസ്.

ചുരുക്കത്തിൽ ഇന്നത്തെ നമ്മുടെ ക്രിസ്തുമസിന് ഒരു പരിധിവരെ മങ്ങലേറ്റിട്ടില്ലേ? പ്രകൃതിക്കു പോലും മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. കൊറോണ എന്ന മഹാമാരി മനുഷ്യകുലത്തെ മുഴുവൻ പിടിച്ചുകുലുക്കിയ ഈ സമയത്ത് പോലും നമ്മുടെയൊക്കെ ഹൃദയങ്ങളിൽ ക്രിസ്തു ജനിക്കാൻ അനുയോജ്യമായ ഒരു പുൽക്കൂടായി ഞാൻ മാറിയോ? ആട്ടിടയന്മാർ അനുഭവിച്ച ആ ആനന്ദം നമുക്കും സ്വായത്തമാക്കാം. നമ്മുടെ ഹൃദയവാതിലുകളെ തുറന്നിടാം. പരിശുദ്ധനായവൻ വന്നു പിറക്കാൻ നമ്മുടെ ഹൃദയം ശുദ്ധിയുള്ളതാക്കി മാറ്റേണ്ടതാവശ്യമല്ലേ? അപ്പോൾ ഈ കടന്നുവരുന്ന ദിനങ്ങൾ പ്രാർത്ഥനയോടെയും ഉപവാസത്തോടെയും പരിത്യാഗ പ്രവർത്തികളുടെയുമുള്ള പുണ്യങ്ങൾ അനുവർത്തിച്ചുകൊണ്ട് മുന്നോട്ടു പോകാം. ഒരു നവചൈതന്യത്തിനായി നമുക്ക് പ്രയത്നിക്കാം. നന്മയുടെ പിള്ളക്കച്ചയിൽ പൊതിഞ്ഞ് ഉണ്ണിയേശുവിനെ മറ്റുള്ളവർക്ക് നല്കാൻ നാം ഉത്സാഹിക്കേണ്ട കാലഘട്ടമായി നോമ്പിന്റെ ദിവസങ്ങളെ നമുക്ക് തിരിച്ചറിയാം. യുവത്വത്തിന്റെ ശക്തിയിൽ ഉണർന്ന് നമ്മുടെ ആയുസ്സും ആരോഗ്യവും കഴിവുകളും ദൈവകൃപയുടെ നീർച്ചാലാക്കുവാൻ തിരുജനത്തിന് വേണ്ടിയുള്ള ഒരുക്കനാളുകൾ നമ്മെ പ്രചോദിപ്പിക്കട്ടെ. അങ്ങനെ നമുക്ക് ക്രിസ്തുവാഹകരായി മാറാം.... ഒരു ക്രിസ്തുവായി മാറാം...... ഈ ക്രിസ്തുമസിൽ നമ്മുടെ ഹൃദയങ്ങളിൽ ഉണ്ണിയേശു പിറക്കട്ടെ. എല്ലാവർക്കും ഹൃദയം നിറഞ്ഞ തിരുപ്പിറവി ആശംസകൾ.


www.malankaralibrary.com



**റോബിൻ മാത്യു**
(എം. സി. വൈ. എം. സഭാതല ജനറൽ സെക്രട്ടറി, 1998 – 2000)


# പാദമുദ്രകൾ

(എം. സി. വൈ. എം. മുൻകാല നേതാക്കന്മാരുടെ ഓർമ്മകുറിപ്പുകൾ)

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ആദ്യകാല ദൈവാലയങ്ങളിലൊന്നായ റാന്നി പൂഴിക്കുന്ന് തിരുഹൃദയ ഇടവകാംഗമായ ഞാൻ 1988 മുതൽ ഇരുപത് വർഷക്കാലം മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാന (എം.സി.വൈ.എം.) ത്തിന്റെ സജീവപ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു എന്ന് അഭിമാനത്തോടെ ഓർക്കുന്നു. എം.സി.വൈ. എം. ന്റെ ആദ്യ രൂപമായ K.C.Y.O. യുടെ രൂപീകരണ കാലം മുതൽ തന്നെ ഇടവക യുവജന ശുശ്രൂഷയിൽ സജീവമായിരുന്നു. K.C.Y.O. തിരുവല്ല രൂപതയുടെ പ്രഥമ വൈസ് പ്രസിഡന്റ് ശ്രീ. പി. റ്റി. ഫിലിപ്പ് ചരിവു പുരയിടത്തിൽ ഈ ഇടവകാംഗമായിരുന്നു എന്നത് ഇതിനെ സാധൂകരിക്കുന്നു.

മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ യൂണിറ്റ് മുതൽ സഭാതലം വരെയുള്ള വിവിധ സമിതികളിൽ പ്രവർത്തിക്കാനും നേതൃത്വം വഹിക്കാനും ഇക്കാലയളവിൽ എനിക്ക് സാധിച്ചു. യൂണിറ്റ് സെക്രട്ടറിയായി നേതൃരംഗത്തേക്ക് കടന്നുവന്ന ഞാൻ 90 കളുടെ ആദ്യഘട്ടത്തിൽ റാന്നി മേഖലാ സെക്രട്ടറി, പ്രസിഡന്റ് എന്നീ നിലകളിൽ സേവനം ചെയ്തു. ലാൻഡ് ഫോൺ പോലും സാധാരണമല്ലാതിരുന്ന ആ കാലഘട്ടത്തിൽ സംഘടനാ പ്രവർത്തനവും കർമ്മപരിപാടികൾ നടപ്പിലാക്കുന്നതും ഭഗീരഥ പ്രയത്നമായിരുന്നു. യൂണിറ്റ് മേഖലാ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ സഹായിച്ചിരുന്നത് പോസ്റ്റ് കാർഡുകളും സൈക്കിൾ സവാരിയുമൊക്കെയായിരുന്നു. അന്ന് വിശാലമായ റാന്നി മേഖലയുടെ മിക്ക യൂണിറ്റുകളിലും വിവിധ പ്രവർത്തനങ്ങളുമായി കടന്നുചെല്ലാൻ സാധിച്ചു. ബഹു. ജിജിയച്ചൻ (ഇപ്പോൾ മോൺ. ഏബ്രഹാം ചരിവുപുരയിടം, അമേരിക്ക – കാനഡ ഭദ്രാസന വികാരി ജനറാൾ) മേഖലാ ഡയറക്ടറായി ചുമതലയേറ്റത് യുവജന സഭയ്ക്ക് പുതിയ ഉണർവുണ്ടാക്കി. യുവജനങ്ങളുടെ ഒരു കോർ ഗ്രൂപ്പ് ഉണ്ടാക്കി പ്രാർത്ഥന, ധ്യാനം, പ്രസംഗ – ഗാന പരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങളിലൂടെ ആദ്ധ്യാത്മികവും ബൗദ്ധികവും, നേതൃപരവുമായ പരിശീലനം നൽകി.

1993 ൽ എം.സി.വൈ.എം. ന്റെ രജത ജൂബിലി വർഷത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ രൂപതാ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. ശ്രീ. ഏബ്രഹാം മുളമൂട്ടിൽ പ്രസിഡന്റായ സമിതിയുടെ ഡയറക്ടർ ഫാ. മത്തായി കടവിൽ OIC യും അസി. ഡയറക്ടർ ഫാ. ഐസക് പറപ്പള്ളിയുമായിരുന്നു. കട്ടപ്പനയിൽ നടന്ന



ഫാ. മത്തായി കടവിൽ OIC


www.malankaralibrary.com




അക്കാലയളവിൽ നടത്തപ്പെട്ട വിവിധ സമ്മേളനങ്ങളിൽ അതിപ്രശസ്തരായ ഒട്ടനേകം വ്യക്തികളെ പങ്കെടുപ്പിക്കാനും അവരിൽ നിന്ന് നൂതനമായ അറിവുകളും, പരിശീലനങ്ങളും ലഭിക്കാനും അവസരമുണ്ടായി. അന്ന് മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷനായിരുന്ന ഭാഗ്യസ്മരണാർഹനായ ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി, യൂത്ത് കമ്മീഷൻ ചെയർമാനായിരുന്ന ഡോ. സിറിൾ മാർ ബസേലിയോസ് (പിൽക്കാലത്ത് അത്യഭിവന്ദ്യ കാതോലിക്കാ ബാവാ) മെത്രാപ്പോലീത്ത, അഭിവന്ദ്യ അലക്സാണ്ടർ മാർത്തോമ്മാ മെത്രപ്പോലീത്ത, ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത, യുയാക്കിം മാർ കൂറിലോസ് എപ്പിസ്കോപ്പ, ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ, ഗീവർഗീസ് മാർ ഈവാനിയോസ്-കോട്ടയം ഭദ്രാസനം, ഡോ. എം. പി.ജോർജ്ജ് അച്ചൻ, പ്രശസ്ത സാഹിത്യകാരൻമാരായ ശ്രീ. വൈക്കം ചന്ദ്രശേഖരൻ നായർ, ശ്രീ. കാക്കനാടൻ, ശ്രീ. J. ഫിലിപ്പോസ് തിരുവല്ല, ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാട്, ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ, ഡോ. സിറിയക് തോമസ്, ശ്രീ. കെ. എം തരകൻ രാഷ്ട്രീയ നേതാക്കൻമാരായ ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. രാജു ഏബ്രഹാം, ശ്രീ. ജോസഫ് എം പുതുശ്ശേരി, ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ (മുൻ സ്പീക്കർ), ശ്രീ. പി. ജെ. ജോസഫ്, ശ്രീ. മാമ്മൻ മത്തായി, ശ്രീ. എം. എം. തോമസ്, ശ്രീ. പി. ജെ. കുര്യൻ എന്നിവർ എം.സി.വൈ.എം. രൂപതാ പരിപാടികളിൽ പങ്കെടുത്തു. 1997-ൽ B. Ed. പഠനകാലത്ത് MG യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലാറായും തുടർന്ന് യൂണിയൻ അക്കൗണ്ട്സ് കമ്മറ്റിയംഗമായും തിരഞ്ഞെടുക്കപ്പെട്ടു. എം.സി.വൈ.എം. പകർന്നുതന്ന നേതൃപാടവം എന്നെ ഇക്കാര്യങ്ങളിൽ സഹായിച്ചു എന്നതിൽ രണ്ടു പക്ഷമില്ല.

ദേശീയ യുവജന കൺവൻഷൻ, അന്താരാഷ്ട്ര കുടുംബ വർഷാചരണത്തോടനുബന്ധിച്ച് അവിഭക്ത തിരുവല്ല രൂപതയുടെ വിവിധ മേഖലകളിലൂടെ നടത്തിയ 'കുടുംബദർശൻ യാത്ര', തെരുവുനാടകങ്ങൾ എന്നിവ പ്രധാന പ്രവർത്തനങ്ങൾ ആയിരുന്നു. എം.സി.വൈ.എം. ന്റെ പുതിയ ആന്തം ഇക്കാലത്താണ് പുറത്തിറങ്ങിയത്. ഈയിടെ അന്തരിച്ച പ്രൊഫ. എ. എസ്. ഫ്രാൻസിസ് സാർ രചിച്ച് ഈണം നൽകിയ ഗാനം അദ്ദേഹത്തിൽ നിന്നുതന്നെ പഠിക്കാൻ സാധിച്ചത് വലിയ ഒരു ഭാഗ്യവും മറക്കാനാവാത്ത അനുഭവവുമാണ്. തുടർന്ന് 1995 ൽ അഡ്വ. ലാലു ജോൺ പ്രസിഡന്റായ സമിതിയിൽ ജനറൽ സെക്രട്ടറിയായി. ബഹുമാനപ്പെട്ട ഫാ. മത്തായി കടവിൽ ഒ.ഐ.സിയുടെ പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും യുവജന പ്രവർത്തകർക്ക് ആശയവും ആവേശവും നൽകി. ഇക്കാലയളവിലെ പ്രധാന പ്രവർത്തനങ്ങളായ 'ആത്മോത്സവ്' - സഭാപഠന ക്യാമ്പ്, 'സർഗ്ഗോത്സവ്' - കലാമേള, അഴിമതി വിരുദ്ധ യുവജനസമ്മേളനം - മല്ലപ്പള്ളി, ലഹരിവിരുദ്ധ യുവജനസംഗമം - തിരുവല്ല, കർഷക സംഗമം - കട്ടപ്പന എന്നിവ യുവജന പ്രവർത്തകർക്ക് പുതിയ ഉണർവും ദിശാബോധവും നൽകി. നാഗ്പുർ സെന്റ് ചാൾസ് സെമിനാരിയിൽ നടന്ന I.C.Y.M. ദേശീയ യുവജന പരിശീലന പരിപാടി, പൂനെ, ഭിലായി എന്നിവിടങ്ങളിൽ നടന്ന എം.സി.വൈ.എം. ബാഹ്യകേരള സമ്മേളനങ്ങൾ, ബാംഗ്ലൂർ NBCLC യിൽ നടന്ന യുവജന നേതൃത്വ പരിശീലന പരിപാടി എന്നിവയിൽ പങ്കെടുക്കാൻ ഇക്കാലത്ത് സാധിച്ചു.

K.C.Y.M. സംസ്ഥാന സെനറ്റ് അംഗമാകാനും എറണാകുളത്ത് നടന്ന I.C.Y.M. ദേശീയ യുവജന കൺവൻഷൻ, തിരുവല്ല രൂപത ആതിഥേയത്വം വഹിച്ച നാഷണൽ മീറ്റ് എന്നിവയുടെ സംഘാടക സമിതിയിൽ പ്രവർത്തിക്കാനും കഴിഞ്ഞു. യുവജനങ്ങളുടെ സമഗ്രവികസനം, സമൂഹത്തിന്റെ സമ്പൂർണ്ണ വിമോചനം എന്ന ലക്ഷ്യത്തിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ മുന്നോട്ടുപോയ ആ കാലം യുവജനസഭയുടെ സുവർണ കാലഘട്ടമായിരുന്നു.

1998 ൽ ചെന്നൈ, പാഡിയിൽ നടന്ന ദേശീയ സെനറ്റ് എന്നെ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുത്തു. മുൻ ജനറൽ സെക്രട്ടറി ശ്രീ. ലിജു ജോർജ്ജിൽ നിന്ന് യുവചേതന പത്രത്തിന്റെ എഡിറ്റർ സ്ഥാനം ഏറ്റെടുത്തു. ത്രൈമാസികയായാണ് അന്ന് യുവചേതന പ്രസിദ്ധീകരിച്ചിരുന്നത്. ശ്രീ. ജോസഫ് ചെറിയാൻ നേതൃത്വം നൽകിയ പ്രസ്തുത സമിതിയുടെ ഡയറക്ടർ ഫാ. ജോഷ്വ കുറ്റിയിൽ ഒ.ഐ.സി. ആയിരുന്നു. അച്ചന്റെ ചടുലമായ നേതൃത്വം വളരെയധികം പ്രവർത്തനങ്ങൾ വിജയകരമായി നടത്തുന്നതിന് സഹായിച്ചു. ഇക്കാലത്ത് കോട്ടയം ബഥനി ആശ്രമം ജനറലേറ്റിന് സമീപം കളത്തിപ്പടി ദേവാലയത്തിനോട് ചേർന്ന് 'ചേതന' എന്ന പേരിൽ കേന്ദ്ര സമിതി


www.malankaralibrary.com



രജത ജൂബിലി വർഷത്തിൽ, സംസ്ഥാന വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. ജയിംസ് അഗസ്റ്റിൻ പ്രസിഡന്റായും ശ്രീ. ജെയ്സ് വാട്ടപ്പള്ളി ജനറൽ സെക്രട്ടറിയുമായ സമിതിയുടെ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുത്തേനായിരുന്നു. അദ്ദേഹത്തിന്റെ അഗാധമായ പാണ്ഡിത്യവും കർമ്മനൈരന്തര്യവും ലാളിത്യമാർന്ന ജീവിതവും യുവജന പ്രസ്ഥാനത്തിന് ആശയവും ആവേശവും പകർന്നു നൽകി. ഇക്കാലയളവിൽ മൂന്നാമത് ഏഷ്യൻ യുവജന സമ്മേളനത്തോടനുബന്ധിച്ച് ഏഷ്യൻ ഭൂഖണ്ഡം ചുറ്റി സഞ്ചരിച്ച് കേരളത്തിലെത്തിയ – ഏഷ്യൻ കുരിശ് യാത്ര 'ശാന്തിദൂത്' കേരളത്തിന്റെ വടക്കേ അറ്റത്തു നിന്ന് ആരംഭിച്ച് എല്ലാ രൂപതകളിലൂടെയും കടന്നുപോയപ്പോൾ അതിന്റെ ഭാഗമാകാനും ധാരാളം യുവജനങ്ങളെ പരിചയപ്പെടാനും കഴിഞ്ഞു. ഏഷ്യൻ കുരിശ് യാത്രയ്ക്ക് മാതൃ ഇടവകയിലും എന്റെ ഭവനത്തിലും സ്വീകരിക്കാൻ അവസരം ലഭിച്ചത് ഭാഗ്യമായി കരുതുന്നു. കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ YILT പരിശീലനപരിപാടിയിലും ബാംഗ്ലൂരിൽ നടന്ന മൂന്നാമത് ഏഷ്യൻ യുവജന സമ്മേളനത്തിലും ഭാഗഭാക്കാവാൻ കഴിഞ്ഞു. പെരിയാർ സംരക്ഷണം ലക്ഷ്യമാക്കി നടത്തിയ കാവ്യമേള, ജൂബിലി വർഷ പഠനക്യാമ്പ് 'ജൂബിലാത്തെ', ജ്വാല – രൂപതാ ക്യാമ്പുകൾ എന്നിവയ്ക്ക് നേതൃത്വം നൽകാൻ അവസരം ലഭിച്ചു. കെ.സി.വൈ.എം. സംസ്ഥാന റിസോഴ്സ് ഗ്രൂപ്പിൽ അക്കാലത്ത് പ്രവർത്തിച്ചു. കെ.സി.വൈ.എം. ഡയറക്ടർമാരായിരുന്ന ബഹു. ഫ്രാൻസിസ് പാണ്ടിപള്ളി അച്ചൻ, ബഹു. തോമസ് വള്ളിയാനിപ്പുറം അച്ചൻ, ബഹു. സെബാസ്റ്റ്യൻ പുത്തേൻ അച്ചൻ എന്നിവരുടെ കാലത്ത് പ്രവർത്തിക്കാൻ സാധിച്ചത് വലിയ ഭാഗ്യമായി കരുതുന്നു. കെ.സി.വൈ.എം. രജത ജൂബിലി സമാപനം എറണാകുളത്ത് നടന്നപ്പോൾ സംഘാടക സമിതിയിൽ ക്രിയാത്മകമായി പ്രവർത്തിക്കാൻ സാധിച്ചു .

ഓഫീസ് പ്രവർത്തിച്ചിരുന്നു. ബത്തേരിയിൽ നടന്ന എം.സി.വൈ.എം. നാഷണൽ മീറ്റ് മൈലപ്രയിൽ നടന്ന ദേശീയ യുവജന സമ്മേളനം എന്നിവയ്ക്ക് നേതൃത്വം നൽകാൻ ഇക്കാലത്ത് സാധിച്ചു. ദേശീയ യുവജന സമ്മേളനത്തിൽ മുഖ്യാതിഥി പ്രശസ്ത സാഹിത്യകാരൻ ശ്രീ. പെരുമ്പടവം ശ്രീധരനായിരുന്നു.

1999 ൽ തിരുവല്ല രൂപത പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ കേന്ദ്രസമതി ജനറൽ സെക്രട്ടറി സ്ഥാനം രാജിവച്ചു. ഇക്കാലത്ത് ശ്രീ. എജി പാറപ്പാട്ട് ജനറൽ സെക്രട്ടറിയായിരുന്നു. പ്രസ്തുത കാലഘട്ടത്തിൽ ഭാഗ്യസ്മരണാർഹനായ യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ കബറിങ്കലേക്ക് തുടർച്ചയായി നടത്തപ്പെടുന്ന പദയാത്രയ്ക്ക് ആരംഭം കുറിക്കുവാൻ എനിക്ക് സാധിച്ചത് അനുഗ്രഹപ്രദമായ അനുഭവമായി ഓർക്കുന്നു. (ജന്മശതാബ്ദി വർഷത്തിൽ ശ്രീ. സജി പി. ജേക്കബ് പദയാത്ര നടത്തിയിരുന്നത് ഇത്തരുണത്തിൽ സ്മരിക്കുന്നു). 2000 ൽ തിരുവല്ലയിൽ നടന്ന ദേശീയ യുവജന സമ്മേളനത്തിന് ആതിഥേയത്വം വഹിക്കാൻ സാധിച്ചു. എം.സി.വൈ.എം. നേതൃത്വത്തിൽ തിരുവല്ല സെന്റ് ജോൺസ് കോളേജിൽ എൻട്രൻസ് പരിശീലന പരിപാടി ആരംഭിച്ചതും ഇക്കാലത്താണ്. ശ്രീ. ഷിബു മാത്യു ചുങ്കത്തിൽ അതിരൂപതാ പ്രസിഡന്റായപ്പോൾ രണ്ടു വർഷക്കാലം (2012–13) ആനിമേറ്റർ ആയി പ്രവർത്തിക്കാൻ സാധിച്ചു. അഭിവന്ദ്യ ആർച്ചുബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയാണ് ആനിമേറ്ററായി നാമനിർദ്ദേശം ചെയ്തത്. 2012 ൽ ഭോപാലിൽ നടന്ന എം.സി.വൈ.എം. അന്തർദേശീയ സെനറ്റിൽ പങ്കെടുത്തു. രൂപതാ ഭാരവാഹിയായിരുന്ന കാലഘട്ടത്തിൽ കെ.സി.വൈ.എം. സംസ്ഥാന സെനറ്റ്, സിൻഡിക്കേറ്റ് എന്നീ സമിതികളിൽ പ്രവർത്തിച്ചു. 2002 ൽ സംസ്ഥാന ജനറൽ സെക്രട്ടറിയാകാൻ അവസരം ലഭിച്ചെങ്കിലും വ്യക്തിപരമായ ചില അസൗകര്യങ്ങൾ കൊണ്ട് മാറിനിൽക്കേണ്ടി വന്നു. തുടർന്ന് 2003 കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ




www.malankaralibrary.com

വിസ്താരഭയത്താൽ കുറേയൊക്കെ പ്രവർത്തനങ്ങളും അനുഭവങ്ങളും ഇവിടെ രേഖപ്പെടുത്തിയിട്ടില്ല. ഈ അനുഭവങ്ങൾ പറഞ്ഞതുതന്നെ കത്തോലിക്കാ സഭ യുവജനങ്ങളെ രൂപീകരിക്കുന്നതിനായി ദീർഘവീക്ഷണത്തോടെ നടത്തുന്ന നിസ്വാർത്ഥമായ കർമ്മപദ്ധതികൾ അനുസ്മരിക്കുന്നതിനു വേണ്ടി മാത്രമാണ്. എന്റെ വ്യക്തിത്വം രൂപപ്പെടുത്തുന്നതിൽ എം.സി.വൈ.എം. വഹിച്ച പങ്ക് ഏറെ വലുതാണ്. 2008 ൽ റാന്നിയിൽ വച്ച് 78-മത് പുനരൈക്യ വാർഷികം നടത്തപ്പെട്ടപ്പോൾ ആഘോഷക്കമ്മിറ്റിയുടെ സെക്രട്ടറിയായി പ്രവർത്തിക്കുകയുണ്ടായി. റാന്നി മേഖലയിൽ നിന്ന് എം.സി.വൈ.എം. അതിരൂപത, സഭാതല സമിതി, കെ.സി.വൈ.എം. സംസ്ഥാന സമിതി എന്നിവയിൽ ഭാരവാഹിയാകുന്ന ആദ്യ വ്യക്തിയാകാൻ എനിക്ക് ഭാഗ്യവശാൽ ഇടയായി. വിവിധ കാലഘട്ടങ്ങളിൽ അതിരൂപത പാസ്റ്ററൽ കൗൺസിൽ അംഗമായും, പാസ്റ്ററൽ കൗൺസിലിലെ വിവിധ കമ്മറ്റികളിലും പ്രവർത്തിച്ചിട്ടുണ്ട്

റാന്നി പൂഴിക്കുന്ന് ചരിവുപുരയിടത്തിൽ ശ്രീ. സി. എം. ചാണ്ടിയുടെയും (ജയിംസ്) ശ്രീമതി അന്നമ്മ ചാണ്ടിയുടെയും പ്രഥമ സന്താനമായി ജനിച്ച ഞാൻ ഇപ്പോൾ കോട്ടാങ്ങൽ സെന്റ് ജോർജ്ജ് ഹൈസ്കൂളിൽ രസതന്ത്ര അധ്യാപകനായി സേവനം ചെയ്യുന്നു. രസതന്ത്ര അദ്ധ്യാപകരുടെ സംസ്ഥാന റിസോഴ്സ് ഗ്രൂപ്പിൽ അംഗമായി പ്രവർത്തിച്ചു. എന്റെ സഹധർമ്മിണി ജിജിമോൾ ജോസഫ്, മണർകാട് ഇൻഫന്റ് ജീസസ് ഹൈസ്കൂളിൽ മലയാളം അധ്യാപികയാണ്. മൂത്തമകൻ ആഗ്നേയ് അലക്സ് റോബിൻ കൊല്ലം, ടി.കെ.എം. എൻജിനീയറിങ് കോളേജിൽ മൂന്നാം വർഷ ആർക്കിടെക്ചറൽ എൻജിനീയറിങ് പഠിക്കുന്നു. മകൾ അനന്യ ആൻ റോബിൻ ബി. കെ. കോളേജ് അമലഗിരിയിൽ ഒന്നാം വർഷം സസ്യശാസ്ത്ര ബിരുദം പഠിക്കുന്നു, ഇളയമകൾ ആഗ്നിക ഇവാനിയ റോബിൽ രണ്ടാം ക്ലാസിൽ പഠിക്കുന്നു. ഇപ്പോൾ എം.സി.എ. അതിരൂപതാ, സഭാതല അസംബ്ലികളിൽ അംഗമായും കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് അതിരൂപത ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു വരുന്നു.

എം.സി.വൈ.എം. പ്രസ്ഥാനത്തിലൂടെ നിരവധി വ്യക്തികൾ നൽകിയ സ്നേഹവാത്സല്യങ്ങളും ഉപദേശങ്ങളും പ്രോത്സാഹനങ്ങളും എന്റെ വളർച്ചയ്ക്കു താങ്ങും തണലുമായിരുന്നു. അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ, അഭിവന്ദ്യ ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത എന്നീ പിതാക്കൻമാർ എന്റെ ആത്മീയ വളർച്ചയ്ക്ക് ഒപ്പം തന്നെ വ്യക്തിപരമായ പ്രതിസന്ധി ഘട്ടങ്ങളിൽ നിർണായകമായ ഇടപെടലുകൾ നടത്തിയത് നന്ദിപൂർവ്വം സ്മരിക്കുന്നു. ദേശീയ സമിതി ഡയറക്ടർമാരായിരുന്ന ബഹുമാനപ്പെട്ട ഗീവർഗീസ് നെടിയത്ത് അച്ചൻ, ബഹു. മത്തായി കടവിൽ ഒ.ഐ.സി. അച്ചൻ, ബഹു. ജോഷ്വാ കുറ്റിയിൽ അച്ചൻ, രൂപതാ ഡയറക്ടർമാരായിരുന്ന ബഹു. ഐസക് പറപ്പള്ളിൽ അച്ചൻ, ബഹു. വർഗീസ് മണ്ണഞ്ചേരി അച്ചൻ, ബഹു. ഫാ. സുനിൽ മാരാങ്കണ്ടം, മുൻ ഭാരവാഹികളായ ഷെവലിയർ വർഗീസ് കരിപ്പായിൽ, പ്രഫ. ജേക്കബ് എം. എബ്രഹാം, ശ്രീ. ഷിബു പുതുക്കേരിൽ, ഷാജി തേലപ്പുറത്ത്, എബ്രഹാം മുളമൂട്ടിൽ, അഡ്വ. ലാലു ജോൺ, ശ്രീ. ജോർജ്ജുകുട്ടി വി.സി., ശ്രീ. ബാബു കല്ലുങ്കൽ, ആനിമേറ്റർമാർ ആയിരുന്ന ശ്രീ. കെ. ജെ. പീറ്റർ, ശ്രീമതി ഫിലോമിന, സിസ്റ്റർ ഗ്രേഷ്യസ് SIC, ശ്രീ ഇടിക്കുള, സിസ്റ്റർ ടെസി പോൾ SIC, സിസ്റ്റർ റോസ് തെരേസ് SIC, K.C.Y.M. കേന്ദ്രസമിതി ഭാരവാഹികളായ ശ്രീമാൻമാർ മോൻസൻ കെ. മാത്യു, ജോസ് മനക്കത്തോട്ടം, ടി. ജി. രാജു, ഫിലിപ്പ് നൈനാൻ, വി. പി. തോമസ്, ജോയി ഗോതുരുത്ത്, സ്റ്റാൻലി ജോർജ്ജ്, ലിജു ജോർജ്ജ്, ജോസഫ് ചെറിയാൻ എന്നിവരെയും നന്ദിപൂർവം സ്മരിക്കുന്നു.

വരും കാലഘട്ടം എം.സി.വൈ.എം. നെ സംബന്ധിച്ചിടത്തോളം നിർണായകമായ മുന്നേറ്റങ്ങൾ നടത്തേണ്ട ഒന്നാണ് എന്നതിൽ സംശയമില്ല. നമ്മുടെ രാഷ്ട്രീയ സാമൂഹിക ഉദ്യോഗരംഗങ്ങളിൽ സംശുദ്ധരായ കർമ്മധീരരായ ചെറുപ്പക്കാരെ പരിശീലിപ്പിച്ച് രംഗത്തിറക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അല്ലായെങ്കിൽ രാഷ്ട്രത്തിന്റെ നയരൂപീകരണ മേഖലയിൽ നിന്ന് നാം തുടച്ചു നീക്കപ്പെടുന്ന കാലം വിദൂരമല്ല. നാം ന്യൂനപക്ഷാവകാശ ധ്വംസനങ്ങളെപ്പറ്റി വിലപിച്ചുകൊണ്ടിരിക്കുമ്പോൾ പല ന്യൂനപക്ഷ വിഭാഗങ്ങളും തങ്ങളുടെ യുവജനങ്ങളെ ചിട്ടയായി പരിശീലിപ്പിച്ച് സംവരണത്തോടൊപ്പം മെറിറ്റ് സീറ്റിലും പ്രവേശനം നേടി സിവിൽ/സർക്കാർ സർവ്വീസുകളിൽ വിരാജിക്കുമ്പോൾ യൂറോപ്പും മറ്റ് വിദേശ രാജ്യങ്ങളും വച്ചു നീട്ടുന്ന ജോലികൾ ദിവാസ്വപ്നംകണ്ട് ദിശാബോധം നഷ്ടപ്പെട്ട് സഞ്ചരിക്കുന്ന യുവതയ്ക്ക് ശരിയായ ലക്ഷ്യബോധ്യം നൽകാനും രാഷ്ട്ര നിർമ്മാണത്തിൽ പങ്കാളികളാകാനും ഉള്ള കർമ്മപദ്ധതികളുമായി യുവജന സഭ മുന്നേറണം എന്ന് ആഹ്വാനം ചെയ്തു കൊണ്ട് ക്രിസ്തുവിലൂടെ നവയുഗത്തിലേക്ക് നമുക്ക് ഒന്നിച്ച് പ്രയാണം ചെയ്യാം.


www.malankaralibrary.com



# കുറെക്കൂടെ കർത്താവേ കുറെക്കൂടെ...

**ആശ എസ്. റോയ്,**
സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം,
മെഴുവേലി ഈസ്റ്റ്, പന്തളം വൈദിക ജില്ല, പത്തനംതിട്ട ഭദ്രാസനം

നസ്രത്തിലെ 33 കാരന്റെ ജീവിത വീഥിയെ പിന്തുടർന്ന് സുവിശേഷപ്രഘോഷണം എന്ന ആയുധമേന്തി കാലത്തിനധീതമായി സഞ്ചരിച്ച അനേകം വിശുദ്ധ ജീവിതങ്ങൾ നമുക്കു ചുറ്റിലുമുണ്ട്. മനുഷ്യജീവിതത്തിലെ സുവർണ്ണ കാലഘട്ടം എന്ന് വിശേഷിക്കപ്പെടുന്ന യുവത്വത്തെ ദൈവത്തിനു സമർപ്പിച്ചവർ, ലൗകിക സുഖങ്ങൾ ഉപേക്ഷിച്ച് ഈ ലോകത്ത് ദൈവത്തിനായി ജീവിച്ചവർ...

'ഒരു മനുഷ്യൻ ഈ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടമാക്കിയാൽ അവനു എന്ത് പ്രയോജനം? 'ഏവർക്കും സുപരിചിതവും അർത്ഥപൂർണ്ണവുമായ ചോദ്യം. ദൈവഹിതമനുസരിച്ച് ഈ ഭൂമിയിൽ ജീവിക്കുവാൻ വിശുദ്ധ ഫ്രാൻസിസ് സേവ്യറിനു മാർഗദീപമായി മാറിയ ഒരു സമസ്യ. ദൈവത്തെ അറിയുവാനും ദൈവത്തെ സ്നേഹിക്കുവാനും അവിടുത്തെ ഹിതമനുസരിച്ച് ജീവിക്കുവാനും ദൈവം ഭൂമിയിലേക്കയച്ച ഓരോ ജീവിതവും മനസ്സിലാക്കേണ്ടുന്ന വിസ്മയാവഹമായ ഒരു സത്യമാണ് ഈ ചോദ്യത്തിൽ പ്രതിഫലിക്കുന്നത്.

ഓരോ യുവത്വവും ആവേശത്തോടെ പുണരുന്ന വെല്ലുവിളിയാണ് പൗരോഹിത്യവും സന്യാസവും അവരുടെ നെഞ്ചിലെരിയുന്ന അഗ്നിയാണത്. മാനവകുലത്തോടുള്ള ദൈവസ്നേഹം തങ്ങളുടെ ജീവിതത്തിലൂടെ പകർന്നുകൊടുക്കുവാൻ സന്നദ്ധരായവരാണ് ഓരോ പുരോഹിതനും സന്യാസിനിയും. ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ വ്രതത്രയങ്ങളോടൊപ്പം മാർപാപ്പയുടെ നിർദ്ദേശം അനുസരിച്ചുള്ള സേവനവും ജീവിതവ്രതമായി എടുത്ത് ഇരുപത്തിയെട്ടാം വയസ്സിൽ ദൈവത്തിനായി തന്നെ തന്നെ സമർപ്പിച്ചാണ് വിശുദ്ധ ഫ്രാൻസിസ് സേവ്യർ ജീവിച്ചു തുടങ്ങിയത്. പാരീസ് സർവ്വകലാശാലയിലെ തത്വശാസ്ത്ര അധ്യാപകനിൽ നിന്നും വിശുദ്ധ ഫ്രാൻസിസ് സേവ്യറിലേക്കുള്ള യാത്ര ഈ വ്രതങ്ങളെ സർവാത്മനാ സ്വീകരിച്ചുകൊണ്ടായിരുന്നു. തന്റെ കർമ്മമേഖലകളിൽ രാജ്യ സുവിശേഷം പ്രസംഗിച്ചുകൊണ്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങൾ അദ്ദേഹം ചുറ്റിസഞ്ചരിച്ചു.

ഇന്ത്യയുടെ ദ്വിതീയ അപ്പോസ്തോലൻ എന്നറിയപ്പെടുന്ന വിശുദ്ധന് മാർപാപ്പയുടെ പ്രതിനിധിയായി നിയമനം ഉണ്ടായിരുന്നിട്ടും അത് മറ്റാരെയും അറിയിക്കാതെ ദരിദ്രരുടെ ഭക്ഷണം കഴിച്ച് അവർക്കൊപ്പം കഴിഞ്ഞ് സുവിശേഷവേല നടത്തി. പകൽ സമയങ്ങളിൽ പ്രസംഗത്തിലൂടെയും പഠിപ്പിക്കലിലൂടെയും ജനങ്ങളെ മാനസാന്തരത്തിലേക്ക് നയിച്ച വിശുദ്ധൻ തന്റെ രാത്രികൾ സുദീർഘമായ പ്രാർത്ഥനയിലൂടെ കഴിച്ചുകൂട്ടി.

'മതി കർത്താവേ മതി', 'കുറേക്കൂടി കർത്താവേ


www.malankaralibrary.com



കുറേകൂടി' എന്നീ രണ്ട് പ്രാർത്ഥനകൾ വിശുദ്ധ ഫ്രാൻസിസിനെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കി. തന്നെ ആധ്യാത്മിക ആഹ്ലാദങ്ങളുടെ ഇടയിൽ തന്റെ ജീവിതത്തിൽ തനിക്ക് ലഭിച്ച സന്തോഷങ്ങൾ മതി കർത്താവെ എന്നും സങ്കടങ്ങളും കുരിശുകളും വരുമ്പോൾ കുറേക്കൂടി കർത്താവേ കുറേക്കൂടി എന്നും അപേക്ഷിച്ചിരുന്നു. പ്രാർത്ഥന ജീവിതത്തിലെ സഹനങ്ങളും കുരിശുകളും ക്ഷമയോടെ സ്വീകരിച്ച് സ്നേഹത്തോടെ അവയെ പുൽകിയിരുന്ന വിശുദ്ധൻ. ജീവിത വ്യഥകളെ ഹൃദയപൂർവ്വം സ്വീകരിക്കുവാനും സഹിക്കുവാനുള്ള ഒരു വലിയ ഉദ്ബോധനമാണിത്. പ്രതിസന്ധികളെയും പ്രതികൂല സാഹചര്യങ്ങളെയും ക്ഷമയോടെ സ്വീകരിച്ച മറ്റൊരു വിശുദ്ധന് വിശുദ്ധിയും ആ കാർ ഉള്ള മറ്റ് മാർഗ്ഗദീപമാണ് ഈ പ്രാർത്ഥന.

സുവിശേഷ ദൗത്യവുമായി ദൈവത്താൽ അയയ്ക്കപ്പെട്ട മിഷനറിയായിരുന്ന വിശുദ്ധ ഫ്രാൻസിസ് സേവ്യർ. ശ്രീലങ്ക, ഇന്ത്യ, മലയ, ജപ്പാൻ തുടങ്ങി അനേകം സ്ഥലങ്ങളിൽ ദൈവരാജ്യ പ്രഘോഷണവുമായി അദ്ദേഹം കടന്നുചെന്നു. തന്റെ ജീവിതത്തിന്റെ അവസാന നാളുകളിൽ പോലും തന്റെ മിഷൻ യാത്രയുടെ നിറവിലായിരുന്നു അദ്ദേഹം. ചൈനയിലേക്കുള്ള യാത്രാമദ്ധ്യേ അദ്ദേഹം ഇഹലോക വാസം വെടിഞ്ഞു. കർത്താവിന്റെ ഏറ്റവും പ്രിയപ്പെട്ട ഒരു മിഷനറിയാവാൻ വിശുദ്ധ ഫ്രാൻസിന് സാധിച്ചു. തന്റെ ജീവിതത്തിലൂടെ സാക്ഷ്യമായി മാറിയ വിശുദ്ധന്റെ ശരീരം മരണത്തിനുശേഷവും അവിശ്വസനീയമാംവിധം അഴുകാതെ ഗോവയിൽ ഉണ്ണീശോയുടെ ബസിലിക്കയിൽ ഇന്നും സൂക്ഷിക്കപ്പെടുന്നു.

ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതമെന്ന വിശുദ്ധ പൗലോസ് ശ്ലീഹായുടെ വാക്കുകളും ക്രൈസ്തവ സഭയുടെ സർവ്വപ്രധാനമായ ചുമതല സുവിശേഷ പ്രചരണമത്രേ എന്ന ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ വാക്കുകളും ഞാൻ ആരെ ആയിരിക്കുമെന്ന നമ്മുടെ കർത്താവിന്റെ ചോദ്യവും യുവജനങ്ങളുടെ ആത്മീയ തലങ്ങളെ സ്പർശിക്കുന്നതാവണമെന്ന് വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നതാണ്.

വിശുദ്ധ ഫ്രാൻസിസ് സേവ്യറിനെ പോലെ ആത്മീയ വളർച്ചക്ക് ആവശ്യമായ സഹനങ്ങളെ സ്വീകരിക്കുവാനും ആഴമായ വിശ്വാസ ചൈതന്യത്തിൽ വളർന്നു ദൈവരാജ്യ പ്രഘോഷകരായി തീരുവാനും കുറെക്കൂടി സഹനങ്ങൾ ജീവിതത്തിൽ സ്വീകരിക്കുവാനും നമുക്ക് പ്രാർത്ഥിക്കാം. വിശ്വാസ ചൈതന്യത്തോടെ തന്റെ യൗവ്വനകാലത്തിൽ ജീവിതം ദൈവത്തിനായി സമർപ്പിച്ച വിശുദ്ധനെ പോലെ ഇപ്പോഴുള്ളതും വരാനിരിക്കുന്നതുമായ യുവജന സമൂഹത്തിന് മാതൃകയായി നമ്മുടെ കർമ്മവീഥികളിൽ നമുക്ക് മുന്നേറാം.


www.malankaralibrary.com



**Selin John**
*Bhopal Region, Gurgaon Diocese*

# *"Young man, I say to you arise."* [Luke 7:14]

This article is meant to wake the young people from their deepest slumber. It is meant to reactivate the gifts, the talents and values which God has deposited in the lives of the youth. And so, let the youths arise!

In the messageof His Holiness Pope Francis forthe 35th World Youth Day 2020 he mentioned that, 'In these two intervening years, I want to reflect with you on two other biblical texts: for 2020, "Young man, I say to you, arise!" (Lk 7:14) and for 2021, "Stand up. I appoint you as a witness of what you have seen" (Acts 26:16)'.

The naked truth is that we all are going through an era of sowing the poisonous seeds of conflict, absurdity and communalism. The colorful messages which are presented to us by the visual and audio media are scenes of young people ruining their life, who are supposed to be tomorrow's asset. It's the time we need to consider whether the field of our choice is permissible in the will of Christ, who is full of mercy. Each of us who prides ourselves on being followers of Jesus, the one who taught us to love and show compassion and forgive, must be aware of our spheres of action.

We should think if we can make ourselves aware of our areas of action and give the eyes of mercy in our actions to benefit others. Even in the hymn we sing at the end of Holy Qurbono, it starts with saying 'I will look at each of you with mercy!' (കരുണകടലെ ഞാൻ നോക്കും!) That means Lord Almighty is the sea of mercy. Heavenly Father had sent his only begotten son into the world to carry our sins and this the mercy to Father's own creation.God so loved the world that he gave his only begotten son, that whoever believe in him should not perish but have everlasting life.

Young People are always walking ahead of time. We can see everywhere youth carrying flags of change and reforms. We leap with firm footing into the vast world that lies ahead in order to create news. But a closer look at history reveals that this is generally


www.malankaralibrary.com

happening on a physical level. The youth movement can be seen mostly in the field of politics, literatures, art, technology and economics.

If we examine the Holy Bible, we can see that the Almighty answers to all good deeds everywhere. Same time if we can think about Mother Teresa who was the embodiment of the Lord's commandments, who was a comforter for the orphans and the poor. She was the rose of Sharon who carried the scent of mercy. She was the angel of patience and love.

For the upliftment of orphans and to change their appetite while begging in the city streets of Calcutta once when a merchant spit on her face, she wiped it with a faint smile and said I accepted what I had but now give me something for my kids to alleviate their hunger. Without any doubt it can be said that the mercy of that mother's mind, which never ceases to exit is an inspiration and sufficient for the young people to grow as an asset for the Holy Church. Each of us need to understand that our lives are not meant to be ruined by our present scenario.

Youth should be able to go out into the societies and proclaim the merciful Jesus through their actions.A young man was about to be buried, with all his gifts and talents. His death was so painful because he was the only Son of a widow. As they were about to bury him, they encountered Jesus on the way. Jesus himself is the resurrection and the life. Jesus said to the dead man, "Young man, I say to you, arise" (Luke 7:14). Instantly, the dead young man sat up and started speaking.

Who is this dead young man? What are those things that are dead in a dead young man? What has this dead young man to do with the youths in Africa? Is there any hope for a dead young man? A dead young man is a lifeless young man.

The Holy Father Pope Francis rightly observed, "The temptation to silence young people has always existed… "There are many ways to silence young people and make them invisible. There are many ways to sedate them, to keep them from getting involved, to make their dreams flat and dreary, petty and plaintive. But the Holy Father encouraged the young people, saying, "you have it in you to shout," even if "we older people and leaders, very often corrupt, keep quiet." Without voicing out nobody will even know that you exist. That is why freedom of speech remains a fundamental human right. Every youth should learn from the blind young man in the bible. When the blind young man heard that, "Jesus of Nazareth was passing by." he shouted, "Jesus, Son of David, have mercy on me!"

Those who were in front sternly ordered him to be quiet; but he shouted even more loudly, "Son of David, have mercy on me!" Jesus stood still and ordered the man to be brought to him; and when he came near, he asked him, "What do you want me to do for you?"

He said, "Lord, let me see again." Jesus said to him, "Receive your sight; your faith has saved you."Immediately he regained his sight and followed him, glorifying God; and all the people, when they saw it, praised God (Luke 18:35-43). The blind man did not allow the crowd to silence him. Child of God, don't allow anybody to silence you. Your voice must be heard!

Our young people need to wake up from their slumber As St. Paul declares, "You know what time it is, how it is now the moment for you to wake from sleep." (Romans 13:11) If you are a young man and you are still sleeping, I say to you, arise! If the enemies are trying to bury your talents, I see your talents coming back to life! If you are a young man and the enemies are trying to silent you, I see you regaining your voice and your power of speech. You will be heard all over the world. The era of failure is over! I see your business coming back to life. From today, you are going to experience business breakthrough. There will be no more setback for you!

"If you have lost your vitality, your dreams, your enthusiasm, your optimism and your generosity, Jesus stands before you as once he stood before the dead son of the widow, and with all the power of his resurrection he urges you: 'Young man, I say to you, arise!'"


No more fruitless labour. You will surely succeed. And it shall be well with you in Jesus name – Amen!!!


www.malankaralibrary.com

# സഭാതലസമിതി

## ഓൺലൈൻ യുവജന ധ്യാനം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനം എം.സി.വൈ.എം. ന്റെ നേതൃത്വത്തിൽ പ്രസിദ്ധ വചനപ്രഘോഷകൻ ഡാനിയേൽ പൂവണ്ണത്തിൽ അച്ചൻ നയിക്കുന്ന ഓൺലൈൻ യുവജന ധ്യാനം, GLORY TO GLORY നവംബർ 1 മുതൽ 3 വരെയുള്ള ദിവസങ്ങളിൽ എം.സി. വൈ.എം ഫേസ്ബുക്ക് പേജിലൂടെ സംപ്രേഷണം ചെയ്തു.




## കലണ്ടർ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വിശുദ്ധ വേദവായനക്കുറിപ്പ് ആധാരമാക്കി ഒരു സചിത്ര കലണ്ടർ എം.സി.വൈ.എം. പ്രസിദ്ധീകരിക്കുന്നു.

നമ്മുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ തിരുമേനിയുടെ ശ്രേഷ്ഠ അനുമതിയോടെ തയ്യാറാക്കിയ കലണ്ടറിൽ അനുദിന വേദവായന കുറിപ്പുകൾ, വേദവാക്യങ്ങൾ, വിശുദ്ധരുടെ പേരും ഫോട്ടോയും, ഓരോ ഞായറാഴ്ച്ചയുടെയും വിശേഷ ദിവസങ്ങളുടെയും പ്രത്യേകതകൾ ഉൾപ്പെടെ പ്രതിപാദിക്കുന്നു.

മൾട്ടികളർ, ഡമ്മി സൈസ് (മനോരമ കലണ്ടറിന്റെ വലുപ്പം), 6 പേജുകൾ., ഒരു കലണ്ടറിന് 45 രൂപ.

100 എണ്ണത്തിൽ അധികം എടുക്കുന്നവർക്ക് ഡിസ്കൗണ്ട് ഉണ്ടായിരിക്കും.

കലണ്ടർ ആവശ്യമുള്ളവർ ദയവായി വിളിക്കുക

**ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ**

**(സിബി അച്ചൻ) : 9496 80 60 89**

**ജിത്ത് ജോൺ ഫ്രാൻസിസ് : 9809 66 88 37**

**ജിനു ജോർജ് : 9645 17 63 50**

നമ്മുടെ സഭയെയും ആരാധനക്രമത്തെയും കൂടുതൽ അടുത്ത് അറിയാൻ ഇത് ഉപകരിക്കട്ടെ




## World Youth Day prepartory meeting

Jith john Francis, President, M.C.Y.M. Central Secretariat represented and spoke on behalf of Syro-Malankara Catholic Church and its Youth Movement, M.C.Y.M. in the 2023 World Youth Day prepartory meeting organized by Dicastry for Laity, Family and Life. "The meeting was conducted from November 18 to 21 with more than 200 delegates representing various National/International Youth movements and Bishops' synod participation. "The meeting was concluded on Sunday, November 22, with Holy Mass presided over by the Holy Father, Pope Francis.


www.malankaralibrary.com




## പ്രാർത്ഥനാശംസകൾ

കോട്ടയം അതിരൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ ഗീവർഗീസ് മാർ അപ്രേം പിതാവിന് എം.സി.വൈ.എം. കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ



## തിരുവനന്തപുരം മേജർ അതിഭദ്രാസനം

### ജപമാല മാസാചരണം

ഒക്ടോബർ മാസം ജപമാല മാസമായി ആചരിക്കുന്നതിനോടനുബന്ധിച്ച് മേജർ അതിഭദ്രാസനത്തിലെ 217 യൂണിറ്റുകൾക്ക് വേണ്ടി (ഒക്ടോബർ 1 മുതൽ 31 വരെ ഓരോ ദിവസവും 7 യൂണിറ്റുകളെ വീതം സമർപ്പിച്ച്) അതിഭദ്രാസന സമിതി അംഗങ്ങൾ ജപമാല ചൊല്ലി ഒരു മാസക്കാലം പ്രാർത്ഥിച്ചു.

### മരിയൻ ധ്യാനം

ജപമാല മാസാചരണത്തിനോടനുബന്ധിച്ച് ഒക്ടോബർ മാസം 26-ാം തീയതി നടത്തപ്പെട്ട മരിയൻ ധ്യാനത്തിൽ പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവ് പങ്കെടുക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. യുവജനങ്ങൾ ഓൺലൈനായി ധ്യാനത്തിൽ പങ്കെടുത്തു.


### യുവജനമേ യേശുവിനായി ഉണരുക

എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ നവംബർ 1, 2, 3 തീയതികളിലായി ഫാ. ഡാനിയേൽ പൂവണ്ണത്തിൽ നയിച്ച യുവജന ധ്യാനത്തിൽ യുവജനങ്ങൾ ഓൺലൈനായി പങ്കെടുത്തു.

### വെബ്ബിനാർ

We are With Woman (WWW) എന്ന പേരിൽ കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ വനിതാ പ്രതിനിധികൾക്കായി നവംബർ മാസം 7-ാം തീയതി വെബ്ബിനാർ നടത്തപ്പെട്ടു.

ഓൺ ലൈനായി നടത്തപ്പെട്ട ഈ വെബ്ബിനാറിൽ 'പെൺകുട്ടികൾ അറിയേണ്ട ചതിക്കുഴികൾ' എന്ന വിഷയത്തെ ആസ്പദമാക്കി ഫാ. നോബിൾ തോമസ് പാറക്കൽ ക്ലാസ് നയിച്ചു. വനിതാ പ്രതിനിധികൾ ഓൺലൈനായി ഇതിൽ പങ്കെടുത്തു.





www.malankaralibrary.com



## എക്സിക്യൂട്ടീവ് മീറ്റിംഗ്

എം.സി.വൈ.എം. ന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും ഭാവിപരിപാടികൾ ചർച്ച ചെയ്യുന്നതിനുമായി ഇക്കാലയളവിൽ 2 എക്സിക്യൂട്ടീവ് മീറ്റിംഗുകൾ കൂടുകയുണ്ടായി.

## Hervoz 2k20 ഓൺലൈൻ വനിതാ സംഗമം

കൊറോണയുടെ ഈ പ്രത്യേക സാഹചര്യത്തിൽ മേജർ അതിഭദ്രാസനത്തിലെ യൂണിറ്റ്-ജില്ലാതല വനിതാ പ്രതിനിധികളെ ഒരുമിച്ചുചേർത്ത് Hervoz 2k20 എന്ന പേരിൽ ഓൺലൈൻ വനിതാ സംഗമം നടത്തപ്പെട്ടു.

നവംബർ 22 ഞായറാഴ്ച വൈകിട്ട് മൂന്ന് മണിക്ക് ആരംഭിച്ച വനിതാ സംഗമത്തിൽ സഭാതല സിൻഡിക്കേറ്റംഗം കുമാരി രഞ്ജിത R. J. ബൈബിൾ വായന നടത്തുകയും വൈസ് പ്രസിഡന്റ് കുമാരി ആതിര എസ്. ലാലു സ്വാഗതം ആശംസിക്കുകയും ചെയ്തു.

സ്ത്രീസുരക്ഷ, ബാലപീഡനം, മതപരിവർത്തനം തുടങ്ങി സ്ത്രീസമൂഹം അനുഭവിക്കുന്ന പ്രശ്നങ്ങളെകുറിച്ചും വിവാഹം, കുടുംബം, കുടുംബ ജീവിതത്തിലെ പ്രശ്നങ്ങൾ എന്നിവയെക്കുറിച്ചും അതിന്റെ പരിഹാര മാർഗ്ഗങ്ങളെകുറിച്ചും ഫാ. നോബിൾ തോമസ് പാറക്കൽ ക്ലാസ് നയിച്ചു. ക്ലാസിനുശേഷം നടത്തപ്പെട്ട ചോദ്യോത്തരവേളയിൽ യുവതികൾ സംശയ നിവാരണം നടത്തുകയും ചെയ്തു.

തുടർന്ന് സെക്രട്ടറി കുമാരി ജോമോൾ ജോണി നന്ദി പറയുകയും മീറ്റിംഗ് അവസാനിക്കുകയും ചെയ്തു. 353 വനിതാ പ്രതിനിധികൾ പങ്കെടുത്തു.

# പത്തനംതിട്ട ഭദ്രാസനം

## നിവേദനം

സ്റ്റാൻ സ്വാമി അച്ചന്റെ അറസ്റ്റുമായി ബന്ധപ്പെട്ട് ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ അച്ചന് നീതി യുറപ്പാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് രണ്ടായിരത്തോളം യുവജനങ്ങളുടെ ഒപ്പ് ശേഖരിച്ച് കൊണ്ടുള്ള നിവേദനം ബഹു. പ്രധാനമന്ത്രിക്കും കേന്ദ്ര മനുഷ്യാവകാശ കമ്മിഷനും ന്യൂനപക്ഷാവകാശ കമ്മീഷനും ഭദ്രാസന സമിതി അയച്ചു.

## നാമഹേതുക തിരുനാൾ

നാമഹേതുക തിരുനാൾ ദിനത്തിൽ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിനെ സന്ദർശിക്കുകയും സ്നേഹ സമ്മാനം കൈമാറുകയും ചെയ്തു.



ഭദ്രാസന തലത്തിൽ നടത്തപ്പെട്ട കൈയ്യെഴുത്ത് മാസികയിലെ വിജയികൾ

1. ചിറ്റാർ യൂണിറ്റ്, സീതത്തോട് വൈദിക ജില്ല
2. കാട്ടൂർ യൂണിറ്റ്, പത്തനംതിട്ട വൈദിക ജില്ല
3. തേക്കുതോട് യൂണിറ്റ്, സീതത്തോട് വൈദിക ജില്ല

# ബത്തേരി ഭദ്രാസനം

## യുവജന ദിനാഘോഷം

ബത്തേരി ഭദ്രാസനത്തിന്റെ യുവജന ദിനാഘോഷം കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു.

രാവിലെ സെൻറ് തോമസ് മലങ്കര കത്തീഡ്രൽ ദൈവാലയത്തിൽ ഭദ്രാസന ഡയറക്ടർ ഫാ. സാമുവൽ ജോർജ്ജ് OIC യുടെ കാർമ്മികത്വത്തിൽ എം.സി. വൈ. എം.ന്റ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ മധ്യസ്ഥതയിൽ ആഘോഷമായ വി.




www.malankaralibrary.com

കുർബാനയും തുടർന്ന് പ്രതീക്ഷ യൂത്ത് സെന്ററിൽ ബത്തേരി ഭദ്രാസന ആനിമേറ്റർ സിസ്റ്റർ ജെയിൻ ഫ്രാൻസിസ് DM പതാക ഉയർത്തുകയും തുടർന്ന് യുവജനങ്ങൾ ഒരുമിച്ച് പ്രതിജ്ഞ ചൊല്ലുകയും ചെയ്തു. ഈ യുവജന ദിനത്തിന് ബത്തേരി ഭദ്രാസന എം.സി.വൈ.എം. അസി. ഡയറക്ടർ ഫാ. എബ്രഹാം ആശാരിപറമ്പിൽ ആശംസകൾ അറിയിച്ചു. തുടർന്ന് ഓൺലൈൻ പ്ലാറ്റ്ഫോമിൽ ബത്തേരി ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് പിതാവ് അനുഗ്രഹപ്രഭാഷണം നടത്തുകയും യുവജനദിനത്തിന്റെ ആശംസകൾ അറിയിച്ചു സംസാരിക്കുകയും ചെയ്തു. യുവജന ദിനാഘോഷത്തിന് എം.സി.വൈ.എം. ബത്തേരി ഭദ്രാസന പ്രസിഡന്റ് ശ്രീ. ജിബി ഏലിയാസ് അദ്ധ്യക്ഷത വഹിച്ചു.

### ബഫർ സോൺ

പൊതുജന ജീവിതത്തെ അവഗണിക്കുന്നതും ദുരിതപൂർണമാക്കുന്നതുമായ ബഫർ സോൺ പ്രഖ്യാപനം പിൻവലിക്കണമെന്ന് എം.സി.വൈ.എം. ബത്തേരി ഭദ്രാസന സമിതി ആവശ്യപ്പെട്ടു.

വനം, വന്യജീവി, പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ മൗലിക അവകാശങ്ങൾ നിഷേധിക്കുന്ന രീതിയിലുള്ള പരിസ്ഥിതി മന്ത്രാലയത്തിന്റെ ബഫർ സോൺ പ്രഖ്യാപനം പൊതുജന ജീവിതത്തെ അവഗണിക്കുന്നതും ദുരിതപൂർണമാക്കുന്നതുമാണ്. മൃഗത്തെയും കാടിനെയും സംരക്ഷിക്കണം എന്നതിന്റ പേരിൽ പൊതുജന ജീവിതം ദുരിതപൂർണമാക്കുന്നത് ഒരു കാരണവശാലും അംഗീകരിക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ തന്നെ ബഫർ സോൺ നടപടിയിൽ നിന്നും സർക്കാർ സംവിധാനങ്ങൾ പിൻവാങ്ങണമെന്നും ജനജീവിതത്തെയും ജനത്തിന്റെ മൗലിക അവകാശങ്ങളും സംരക്ഷിക്കാത്ത വിജ്ഞാപനങ്ങൾ പിൻവലിക്കണമെന്നും എം.സി. വൈ.എം. ബത്തേരി ഭദ്രാസന സമിതി ആവശ്യപ്പെട്ടു.



### കേളികൊട്ട് 2K20

കെ.സി.വൈ.എം. സംസ്ഥാന കലോത്സവത്തിന്റെ ഭാഗമായി എം.സി.വൈ.എം. ബത്തേരി ഭദ്രാസനം




കേളികൊട്ട് 2K20 എന്ന പേരിൽ യുവജന കലോത്സവം നടത്തി. നവംബർ 9 മുതൽ 14 വരെ നടത്തിയ പരിപാടി കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ബിജോ പി. ബാബു ഉദ്ഘാടനം ചെയ്യുകയും ബത്തേരി ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തുകയും ചെയ്തു. പൂർണമായും ഓൺലൈൻ പ്ലാറ്റ്ഫോം ഉപയോഗിച്ച് നടത്തപ്പെട്ട യുവജന കലോത്സവത്തിൽ 715 രജിസ്ട്രേഷൻ നടത്തുകയും, 550 യുവജനങ്ങൾ പങ്കെടുക്കുകയും ചെയ്തു.

## Diocese of Gurgaon

### IVANIA 2020

'Ivania'20 online kalolsavam organised by the Gurgaon Diocese, in which Inter-Regional competitions were conducted in 3 phases. We congratulate the winners and participants from all the regions. Overall Winners :1st position - Bhopal region, 2nd position - Delhi region, 3rd position- Orissa region.

### VIRTUAL UNIT VISIT

MCYM Gurgaon Diocese is regularly conducting the Virtual unit visit, wherein all the executives from the diocese along with the unit members join the official meeting via Google meet


www.malankaralibrary.com

platform. This initiative is regular since the beginning of the pandemic time and the executives as well as the youth members are pleased with this interactive session . It is an opportunity to meet and greet the fellow youth members who are staying far and spending a day along with them in prayers is such a blessing.“

### IGNITE IN CHRIST

Bhopal Region conducted an Adoration prayer on Google Meet led by the youth of Ahmedabad Unit and Bhopal Regional Director Fr. Rony Alex on November 20th. Intension : Praying for the people who lost their jobs during the pandemic. Delhi region has been conducting virtual prayer meetings on a weekly basis which includes adoration and a session by priests and lay leaders from across the globe.

### SANGEETHA SADHYA

Sangeetha Sadhya, a musical program, organized by M.C.Y.M. Surat, featuring singers all over Gurgaon Diocese singing Christian Devotional songs in different Languages. This project was unaccompanied by any rules or regulations and was solely to support the mesmerizing talents of our M.C.Y.M. members. The videos were uploaded LIVE on YouTube Channel of M.C.Y.M. Surat.

### MCYM SAMARITANS

An M.C.Y.M. Vadodara initiative taken due to the increase in number of Covid Cases in our community, as part of M.C.Y.M. we've taken up an initiative to help those who are affected by Covid in any way possible by following all safety measures. The team would be helping to prepare food at home, deliver food or any other necessary items to the doorstep of the affected families. The team along with Fr. Devasia will be supporting in fighting together to overcome this difficult situation with all our families in need.

### Bottle plantation:

On 18th October, to stay more closer to nature under guidance of Fr. Nijo, M.C.Y.M. Faridabad Unit took an initiative for bottle plantation in the church vicinity which was a huge success.

### AGAPE

On october 24th, M.C.Y.M. members of Neb Sarai along with Girideepam Minor Seminarians prepared food as part of the Food for the Hungry programme of Prachodana.

### Visit to Shanti Ashram

On 9th November M.C.Y.M. West Delhi planned to visit Shanti Ashram at Jasola to visit the elderly people with food and to spent some time with them but unfortunately because of COVID-19 majority of our youth were not well. But as planned we managed to get the food arranged and distributed on the decided date. We have received imense joy when we received the pictures and have plannned to visit the ashram in coming days one situation is better.




www.malankaralibrary.com